25.01.22

DESPATCHED
On...15/02/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.920(4)/12/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നം.5636 /എസ്.ഐ.സി-ജി2/2012)

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി:25.01.2022**

ഡോ.ആർ.രാമൻനായർ,
ഗായത്രി. കുടപ്പനക്കുന്ന്,
തിരുവനന്തപുരം- 695 005.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
സർക്കാർ സംസ്കൃത കോളേജ്,
പാളയം, തിരുവനന്തപുരം.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി & പ്രിൻസിപ്പൽ,
ഗവ.സംസ്കൃത കോളേജ്,
തിരുവനന്തപുരം.

## അന്തിമ ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 07.10.2020 ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഉത്തരവ് കൈപ്പറ്റി ഇരുപതു ദിവസത്തിനകം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും, രേഖകളും പൂർണ്ണമായും സൗജന്യമായി ടിയാന് നൽകേണ്ടതാണെന്നും, ഇത് നൽകാതിരുന്നതിന് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ വിശദീകരണം നൽകേണ്ടതാണെന്നും ആയിരുന്നു ടി ഉത്തരവിൽ പറഞ്ഞിരുന്നത്.

2) ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 11.01.2021 ൽ കമ്മീഷന് വിശദീകരണം നൽകി. 16.01.2011 ലെ അപേക്ഷക്ക് അന്നത്തെ എസ്.പി.ഐ.ഒ മറുപടി നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്തുന്നതിന് 05.01.2021 ൽ രണ്ടു ജീവനക്കാരെ

ചുമതലപ്പെടുത്തിയിരുന്നു. വിശദമായ പരിശോധനയിൽ അവ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും, അപേക്ഷകന്റെ വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ മനസ്സിലാക്കാൻ ഫോണിൽ ബന്ധപ്പെട്ടപ്പോൾ, ഈ വിഷയം ടിയാന്റെ പരിഗണനയിൽ ഇല്ലെന്നും, കാലഹരണപ്പെട്ട സ്ഥിതിക്ക് ഇതുമായി മുന്നോട്ടു പോകാൻ താൽപ്പര്യമില്ലെന്ന് അറിയിച്ചുവെന്നും, എങ്കിൽപ്പോലും കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഓഫീസിൽ നിലവിൽ ലഭ്യമായ വിവരങ്ങളുടെ പകർപ്പുകൾ 11.01.2021 ൽ പരാതിക്കാരന് അയച്ചുകൊടുത്തിട്ടുണ്ടെന്നും, ഒന്നാം എതിർകക്ഷിയുടെ വിശദീകരണത്തിൽ പറയുന്നു.

3) ഒന്നാം എതിർകക്ഷിയുടെ വിശദീകരണം കണക്കിലെടുത്ത്, അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 25.01.2022 ന് ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va